KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e magazine
JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION
FEBRUARY 2023
₹5
Vol.03 Issue No. 12 Date of Publication 25th Feb. 2023
Regn. No. KERBIL/2005/23143



# വ്യവസായ കേരളത്തിന്റെ പുതുചരിത്രം... ആവേശമായി സംരംഭക മഹാസംഗമം

# WE GIVE WINGS TO YOUR DREAMS

**We offer financial assistance and support to large scale industries and MSMEs in Manufacturing and Service Sectors**

## OUR FINANCIAL ASSISTANCE SCHEMES

| | |
|---|---|
| TERM LOAN & SHORT TERM LOAN SCHEMES | WORKING CAPITAL TERM LOAN |
| EQUIPMEMT LOAN | CORPORATE LOAN |
| CM's SPECIAL ASSISTANCE SCHEME | SEED FUND, SCALE UP FUND & WE MISSION LOAN SCHEMES |
| BILL DISCOUNTING & CONTRACTOR LOAN SCHEMES | CARAVAN& CARAVAN PARK LOAN SCHEMES |

*For further information contact*

**Toll free no: 18008901030**
**Phone: 0471-2318922. 0484-23230101**
Enquires: bd@ksidcmail.org, enquiry@ksidc mail.org
Kswift.kerala.gov.in

KSIDC

**Kerala State Industrial Development Corporation Ltd.**

**Head Office:** T.C. XI/266, Keston Road, Kowdiar, Thiruvananthapuram-695 003
**Regional Office:** 2nd Floor, Choice Towers, Manorama Junction, Kochi-682016
**Satellite Office:** KSIDC Incubation Centre, UL Cyber Park, Nellikode P.O., Kozhikode-673016

www.ksidc.org

## THE KERALA STATE SMALL INDUSTRIES ASSOCIATION

**Building No. X/26A,**
**HMT Industrial Estate,**
**Kalamassery - 683 503**
**Ph : 9496360300**
**kssiastate@gmail.com, www.kssia.com**
**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
**A.Nizarudeen**
Naz Wood Industries, T.K.M.C.P.O., Karicode,
Kollam -05
Mob: 9447710078, Email: nazwoodind@gmail.com

**GENERAL SECRETARY**
**P. J. Jose**
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024
Mobile: 9846053553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**
**South Zone**
**A.Fasiludeen**
Travancore New Tech Interlock Bricks
Pulimath, Karette, Trivandrum - 695612
Mob: 9400704000, Email:fthoppil@yahoo.com
**Central Zone**
**Abraham Kuriakose**
Perfect Crumbs
Amayannoor.P.O., Kottayam - 686019
Mob- 94470 43445, Email -
perfectcorp@yahoo.com
**North Zone**
**A. V. Sunilnath**
Ferrero Vinyil Technologies (Pvt). Ltd., 7/342,
Kolathra.P.O., Kozhikode - 673655.
Mob- 9349744145, Email-
sunilnath@walkaroogroup.com

**STATE TREASURER**
**Joseph Paikada**
Indo-Malabar Foods (P) Ltd, N.H.Road,
Kanhirangad,Taliparamba, Kannur - 670142.
Mob- 9497224422, Email-
josephpaikada@gmail.com

**STATE JOINT SECRETARIES**
**V.K. Harilal (South Zone)**
Venice Coir Company, I D Plot, Vadackal.P.O.
Alappuzha - 688 003, Mob- 98472 30058
**B.Jayakrishnan (Central Zone)**
Toyo Rubbers, Kumaramangalam.P.O.,Thodupuzha
Mob: 94473 30569
**George Mundakkal (North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery.P.O.
Wayanad, Mob- 94472 95110

# Editorial Board

**CHIEF EDITOR**
**S. Salim**
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| **A.Nizarudeen** | Mob: 94477 10078 |
| **P. J. Jose** | Mob: 9846053553 |
| **Rajesh. G.** | Mob: 98957 03837 |
| **Thomas Mathew** | Mob: 9447046411 |

**PRINTER & PUBLISHER**
**K.P. Ramachandran Nair**
Mobile: 9447017899

**Printing,**
S.T.Reddiar & Sons, Ernakulam
**Cover Design & Lay out**
Shergle Mikhael

**എഡിറ്റോറിയൽ**
**EDITORIAL**



# വ്യവസായ വികസനവും മരാധിഷ്ഠിത വ്യവസായവും വനം വകുപ്പും

നാളിതുവരെയുള്ള സംസ്ഥാന സർക്കാരുകളുടെ നയങ്ങളിൽ നിന്നും വ്യത്യസ്തമായി, വ്യവസായത്തിന്റെ ഭാവിയും വികസനവും മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടത്തുന്ന ഉത്സാഹത്തിലാണ് നിലവിലെ സർക്കാർ. അതിൽ, പുതിയ സംരംഭകരുടെ പ്രോത്സാഹനം, നിലവിലുള്ളത് പ്രോത്സാഹിപ്പിക്കൽ, പ്രവർത്തനം നിലച്ച ഫാക്ടറികളെ പുനരുദ്ധരിക്കുക തുടങ്ങിയ വ്യവസായ വികസന പ്രോത്സാഹനങ്ങളുടെ പ്രവർത്തനങ്ങളിലാണ് നമ്മുടെ സർക്കാർ. എന്നാൽ ഈ വികസന പ്രക്രിയയിൽ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഇതോടൊപ്പം ചലിക്കുന്നില്ല എന്ന തോന്നലാണ് വ്യവസായികൾക്കിടയിൽ, പ്രത്യേകിച്ച് വനം വകുപ്പിന്റേത്.

മരങ്ങളെ മാത്രം ആശ്രയിച്ച് നിലനിൽക്കുന്ന വ്യവസായ ലൈസൻസുകൾ പുതുക്കി നൽകുന്നതിനുള്ള കാലദൈർഘ്യം ഈ സംശയത്തെ ബലപ്പെടുത്തുന്നു. ഉരുളൻ തടി ഉരുപ്പടി ആക്കുന്നതിന് മാത്രമാണ് ലൈസൻസ് ആവശ്യം. തുടർന്നുള്ള പണികൾക്കായുള്ള അനുബന്ധ മെഷിനറികൾക്ക് (Ancilary Machinery) അത് ആവശ്യമില്ല എന്ന സർക്കാർ ഓർഡർ ഉദ്യോഗസ്ഥർ കണ്ടില്ല എന്ന് നടിക്കുന്നു അല്ലെങ്കിൽ കണ്ടിട്ടില്ല.

അനുബന്ധ മെഷിനറികളുടെ വൈദ്യുതി മോട്ടറുകളുടെ കണക്ക് കൂട്ടിയും മറ്റും ലൈസൻസ് നിഷേധിക്കുന്നു. കാലമാറ്റത്തിനൊപ്പം ആധുനികരിക്കുകയും സൗന്ദര്യവൽക്കരിക്കുകയും ചെയ്യുമ്പോൾ വൈദ്യുതി ഉപയോഗം കൂടുമല്ലോ? ഈ വ്യവസായ വികസന ഉത്സാഹവേളയിൽ, മറ്റുള്ള ഡിപ്പാർട്ട്മെന്റുകളെ പോലെ, ഈ വകുപ്പും ലൈസൻസ് കാലാവധി അഞ്ചുവർഷമാക്കി നടപ്പിലാക്കേണ്ടതാണ്. മരങ്ങൾക്കായി ബുദ്ധിമുട്ടുന്ന ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് അതൊരു സഹായമാകും.

നിലനിൽപ്പിന്റെ കരുതലായുള്ള പ്രകൃതി സംരക്ഷണം പരിഗണിച്ച് ഇപ്പോൾ വനഭൂമിയിൽ നിന്നുമുള്ള മരം മുറിക്കൽ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. നാട്ടിൻപുറങ്ങളിൽ നട്ടു പിടിപ്പിക്കുന്ന പാഴ് മരങ്ങളും കാലാവധി കഴിഞ്ഞ മരങ്ങളും റബ്ബർ മരങ്ങളും ഇറക്കുമതി ചെയ്യുന്ന തടികളും മാത്രം ഉപയോഗിച്ചാണ് ഫാക്ടറികൾ നടത്തികൊണ്ടു പോകുന്നത്. ഈ വൈതരണിക്കിടയിലാണ് ഉല്പാദനചെലവ് കുറവുള്ള മറ്റ് സംസ്ഥാനങ്ങളിലേക്ക് തടികൾ കയറ്റി അയക്കുന്നത്. ഇവിടെ തൊഴിലാളികൾക്ക് തൊഴിലും സർക്കാരിന് നികുതിയും നഷ്ടപ്പെടുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ലഭ്യമാകുന്ന മരങ്ങൾ ഇവിടെയുള്ള ഫാക്ടറികൾക്ക് മാത്രമായി നിജപ്പെടുത്തുക മാത്രമാണ് ഒരു പ്രതിവിധി. ഇക്കാര്യത്തിൽ അധികാരികളുടെ ശ്രദ്ധ പതിയുമെന്ന പ്രതീക്ഷയോടെ.

എസ്. സലിം
ചീഫ് എഡിറ്റർ

www.wahni.io

Wahni

ERPNext

## LET US DRAW YOUR ERP REQUIREMENTS AND AUTOMATE YOUR BUSINESS

OUR EXPERTISE INCLUDES **40+ IMPLEMENTATIONS** IN MANUFACTURING & TRADING FIRM WITH END TO END SOLUTION

CRM

SALES

PURCHASE

INVENTORY

ACCOUNTS

ASSETS

MANUFACTURING


HR & PAYROLL

ERPNext is an **Open source, Zero licence fee** ERP Solution for Manufacturing, Distribution,Trading & Healthcare sectors

For More Details & Demo, Contacts us

+91 9535818200, +91 75938 51555, +91 85938 51555

Wahni IT Solutions Pvt Ltd, Thrissur, www.wahni.io rakin@wahni.com, shaju@wahni.com, shajna@wahni.com





*The resort gets its name from the congregation of periyar river surrounding three sides of the resort and the lovely wooden dark and deep Salim Ali Bird Sanctuary in the backdrop.*

Peninsular woods

A Sanctuary Resort

**Bhoothathankettu, Kothamangalam**

Ernakulam, Kerala, S. India

Call : 9544148211

web:www.peninsularwoods.in

email:mail@peninsularwoods.in

Peninsular Woods Resorts

A venture of Thattekkad Hotels and Resorts Pvt. Ltd.



From the President's Desk...

എ.നിസാറുദ്ദീൻ




# സംസ്ഥാന ബഡ്ജറ്റ് : പൊതുവെ സ്വാഗതാർഹം

വ്യവസായ മേഖലയുടെ ആകെ അടങ്കൽ തുകയിൽ 1259.66 കോടി രൂപയിൽ ചെറുകിട വ്യവസായത്തിന് 212.70 കോടി നീക്കി വെച്ചിട്ടുണ്ട്. മെയ്ഡ് ഇൻ കേരള പദ്ധതിയ്ക്ക് 100 കോടി, ബഹുനില വ്യവസായ എസ്റ്റേറ്റുകൾക്ക് 10 കോടി, എസ്റ്റേറ്റുകളുടെ നവീകരണത്തിന് 4 കോടി, സ്വയം സംരംഭക സഹായ പദ്ധതിയ്ക്ക് 60 കോടി, പ്രതിസന്ധിയിലായ എം.എസ്.എം.ഇ.കളുടെ പുനരുദ്ധാരണത്തിന് 2.5 കോടി, നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായത്തിന് 18 കോടി, പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. സഹായത്തിനായി 2.5 കോടി, സീഫുഡ് പാർക്കുകൾ നവീകരണത്തിന് 20 കോടി, ന്യൂ എനർജി പാർക്കുകൾക്ക് 1 കോടി, ടെക്സ്റ്റയിൽ മേഖലയ്ക്ക് 266 കോടി, കോവിഡും പ്രളയവും മൂലം പ്രതിസന്ധിയിലായ എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണത്തിന് 2.5 കോടി, വ്യവസായ വികസന ഏജൻസികളായ കിൻഫ്രായ്ക്ക് 335 കോടി, കെ.എസ്.ഐ.ഡി.സി.ക്ക് 11 കോടി തുടങ്ങിയ നിർദ്ദേശങ്ങൾ വ്യവസായ മേഖലയുടെ വികസനത്തിന് ആക്കം കൂട്ടും. റബ്ബർ കർഷകർക്കുള്ള സബ്സിഡി 600 കോടി രൂപ നീക്കി വെച്ചത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക്കൂടി സഹായകരമാകും. ഐ.റ്റി. മേഖലയ്ക്കും, ടൂറിസം മേഖലയ്ക്കും വൻ പ്രാധാന്യം നല്കി കൊണ്ടുള്ള ബഡ്ജറ്റ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന് ഗുണകരമാകും. ജി.എസ്.റ്റി. കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് കോർട്ട് ഫീസ് 1 ശതമാനമോ, പരമാവധി 20,000 രൂപയാണ്. ഇത് ജി.എസ്.റ്റി.ക്ക് മുമ്പുള്ള എല്ലാ നികുതി കേസുകൾക്കും ബാധകമാക്കാനും ഇത്തരം കേസുകൾ അപ്പീൽ ഫയൽ ചെയ്യാനുമുള്ള കാലാവധി സെപ്റ്റംബർ 30 വരെ നീട്ടാനുള്ള നിർദ്ദേശവും ഈ മേഖലയിലുള്ളവർക്ക് ആശ്വാസകരമാകും. സംഘടന പ്രീ ബഡ്ജറ്റ് ചർച്ചയിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഒന്നാണിത്. വിഴിഞ്ഞം തുറമുഖ പദ്ധതിയോടനുബന്ധിച്ച് 5,000 കോടിയുടെ വ്യവസായ ഇടനാഴിക സ്ഥാപിക്കാനുള്ള നിർദ്ദേശം വ്യവസായ വാണിജ്യ മേഖലകളിൽ ഉണ്ടാകുന്ന മുന്നേറ്റവും സാമ്പത്തിക നേട്ടവുമാണ് പ്രതീക്ഷയ്ക്ക് വക നല്കുന്നത്.

സർക്കാരിന്റെ സ്വപ്നപദ്ധതിയായ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നീക്കി വെച്ച 10 കോടി രൂപ, എന്റർപ്രണർ സപ്പോർട്ട് സ്കീമിനു വ്യവസായ വകുപ്പിൽ നീക്കി വെച്ചിരിക്കുന്ന തുക രണ്ടും തീരെ അപര്യാപ്തമാണ്. ഇ.എസ്.എസ്. സ്കീമിന് കഴിഞ്ഞ ആഗസ്റ്റിൽ പാസ്സാക്കിയ തുകപോലും നല്കിയിട്ടില്ല. ഒരു പാർക്കിന് 3 കോടി രൂപ വരെ നല്കുമെന്ന വ്യവസ്ഥ നിലനിൽക്കേയാണ് 10 കോടി രൂപയിൽ നിജപ്പെടുത്തിയത്. ഇത് 4 വ്യവസായ എസ്റ്റേറ്റുകൾക്ക് പോലും തികയുകയില്ല. പെട്രോളിയം ഉല്പന്നങ്ങൾക്ക് 2 രൂപ സെസ്സും കെട്ടിട നികുതി വർദ്ധനവ്, ഭൂമിയുടെ ന്യായവിലയുടെ 20 ശതമാനം വില വർദ്ധിപ്പിക്കൽ, സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കൽ തുടങ്ങിയവ എം.എസ്. എം.ഇ. മേഖലയെ സാമ്പത്തികമായി തളർത്തും. കോവിഡ് കാലഘട്ടത്തിൽ 50,000 രൂപ വരെ പലിശ സബ്സിഡി നൽകിയിരുന്നു. ഈ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുമില്ല. ഈ ബഡ്ജറ്റിൽ അധിക ഭാരമായി ഏർപ്പെടുത്തിയ നിർദ്ദേശങ്ങൾ പൂർണ്ണമായും പിൻവലിക്കണമെന്ന് ധനകാര്യമന്ത്രിയോട് അഭ്യർത്ഥിച്ചു.




# എല്ലാം ശരിയാകും
## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org




**പി.ജെ.ജോസ്**

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**


# പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ സർക്കാർ മുന്നോട്ടു വരണം

വ്യവസായികമായി കേരളത്തെ മുന്നിലേക്ക് കൊണ്ടുവരാൻ ആത്മാർത്ഥമായ ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയുമാണ്. പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അത് ആത്മാർത്ഥമായി നടപ്പിലാക്കാനും സർക്കാർ പരിശ്രമിക്കുന്നുണ്ട്. ഞാൻ ഇവിടെ പരാമർശിക്കുവാൻ പോകുന്ന വിഷയം മറ്റൊന്നാണ്. ഇതിനിടയിൽ മറന്നുപോയിട്ടുള്ള ഒരു കാര്യം സർക്കാരിനെ ഓർമ്മിപ്പിക്കുകയാണ് എന്റെ ലക്ഷ്യം. നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പല കാരണങ്ങളാൽ പീഡിത വ്യവസായങ്ങളായി മാറിയിട്ടുള്ള ധാരാളം എം.എസ്.എം.ഇ.കൾ കേരളത്തിലുണ്ട്. അവരുടെ തകർച്ച സമ്പൂർണ്ണമാക്കിക്കൊണ്ടാണ് കോവിഡ് പിൻവാങ്ങിയത്. ഈ വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കാനും അത് എട്ടു മാസം കൊണ്ട് പൂർത്തികരിക്കാനും സർക്കാരിന് കഴിഞ്ഞു. വിസ്മരിക്കപ്പെട്ട പീഡിത വ്യവസായങ്ങൾക്കും അത്താണിയായി സർക്കാർ മാറണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്.

ഒന്ന് തിരിഞ്ഞു നോക്കുമ്പോൾ 1975-76 കാലഘട്ടം ഓർമ്മയിലെത്തുകയാണ്. 10,000 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും അതോടൊപ്പം 2500 ചെറുകിട വ്യവസായ യൂണിറ്റുകൾ പുനരുദ്ധീകരിക്കാനുള്ള ഒരു തീവ്രയജ്ഞ പരിപാടി നാലു വർഷം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള ദൃഢനിശ്ചയത്തിൽ ആരംഭിച്ച് നടപ്പിലാക്കിയിരുന്നു. ന്യൂ ഇൻഡസ്ട്രീസ് പ്രോഗ്രാം (NIP) എന്ന് പേരിട്ട് അന്നത്തെ സർക്കാർ നടപ്പാക്കിയ ആ പരിപാടി അന്ന് ഇൻഡസ്ട്രീസ് സെക്രട്ടറിയായിരുന്ന എസ്. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ ഒരു പരിധി വരെ വിജയകരമായി പൂർത്തിയാക്കിയിരുന്നു. പാളിച്ചകൾ ആ പദ്ധതിക്കും പറ്റിയിട്ടുണ്ടെങ്കിലും അതൊരു സ്വാഗതാർഹമായ നടപടിയായിരുന്നു. 1989-ലും അതിന്റെ തുടർച്ചയായി 2005-ലും സിക്ക് യൂണിറ്റ് റിവൈവൽ പ്രോഗ്രാം (SURP) എന്ന പേരിലും പുനരുദ്ധാരണ പദ്ധതികൾ നിലവിലുണ്ടായിരുന്നു. എന്നാൽ 2012-ൽ ആ പദ്ധതി പൂർണ്ണമായും നിലച്ചു പോയി. ഈ പദ്ധതികളെല്ലാം കാര്യക്ഷമതയോടെ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലായെന്നു തന്നെയാണ് ഉത്തരം. അക്കാലത്തെ സർക്കാരുകളെ മാത്രം കുറ്റമാണെന്ന് പറയുന്നില്ല. സിക്ക് യൂണിറ്റുകൾക്ക് റജിസ്ട്രേഷൻ നൽകാൻ ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണത്താൽ കഴിഞ്ഞില്ല. 2018-ൽ കേരള സ്ട്രെസ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ സ്കീം നിലവിൽ വന്നു. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നോംസ് അനുസരിച്ചാണ് സ്ട്രെസ്ഡ് എം.എസ്.എം.ഇ.കൾക്ക് അംഗീകാരം ലഭിക്കുക. പദ്ധതി ഇംപ്ലിമെന്റ് ചെയ്യാനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ നിലവിലുണ്ട്. ഈ പ്രോഗ്രാമിന് ആനുകൂല്യങ്ങൾ നൽകാനായി എല്ലാവർഷവും ബഡ്ജറ്റിൽ തുകയും വകയിരുത്താറുമുണ്ട്. പ്രസ്തുത യൂണിറ്റുകൾക്ക് നിരവധി ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. റിസ്ട്രക്ച്ചറിങ്ങ് എക്സിസ്റ്റിങ്ങ് ലോൺ അക്കൗണ്ട്, മാർജിൻ മണി ഗ്രാന്റ്, ഇന്ററെസ്റ്റ് സബൈൻഷൻ അസിസ്റ്റന്റ്സ്, യൂണിറ്റ് റീസ്റ്റാർട്ട് ചെയ്യാനുള്ള ചെലവുകൾ നിലവിലെ പ്ലാന്റ് ആന്റ് മെഷിനറിയും കെട്ടിടവും

റിപ്പയർ ചെയ്യാനും മെയിന്റനൻസ് ചെയ്യാനുമുള്ള പണം, സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയറൻസ്, റിവൈവൽ പ്രൊജക്റ്റ് റിപ്പോർട്ടിന്റെ കോസ്റ്റ് ഇവയൊക്കെയാണ് ആനുകൂല്യങ്ങളിൽ പ്രധാനപ്പെട്ടത്. പക്ഷെ ഈ പദ്ധതി നടപ്പിലാക്കുന്ന രീതി ഒട്ടും തൃപ്തികരമല്ല. ഇതിനായി മാറ്റിവെച്ച തുക യഥാകാലം ചിലവഴിക്കുന്നുണ്ടോയെന്നും സംശയമാണ്. കോവിഡിനു ശേഷം എം.എസ്.എം.ഇ. മേഖല അത്യന്തം പ്രയാസ ഘട്ടത്തിലാണ്. നിരവധി യൂണിറ്റുകൾ പൂട്ടി അതൊന്നും ഒരിക്കലും പുനരുദ്ധരിക്കാൻ കഴിയാത്ത തരത്തിലാണ് അതിന്റെ പതനം.

മുകളിൽ പറഞ്ഞ പദ്ധതി നവീകരിച്ച് സംരംഭകരെ വിശ്വാസത്തിലെടുത്ത് അവർക്ക് സഹായകരമായ രീതിയിൽ നടപ്പിലാക്കാൻ സർക്കാർ മുന്നോട്ടു വരണം. യൂണിറ്റുകളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്ന സമയം ആർ.ആർ.പ്രൊസീഡിംങ്സ് തുടങ്ങിയ ജപ്തി നടപടികളും ഒഴിവാക്കണം. മാത്രമല്ല അവർക്കൊരു പ്രവർത്തനഫണ്ടായി അവർ ഒരു വർഷം അടച്ച ജി.എസ്.റ്റി.യുടെ തോതനുസരിച്ച് ഒരു റീഫണ്ടബിൾ ലോണായി നൽകിയാൽ ഈ പീഡിത വ്യവസായങ്ങൾ രക്ഷപ്പെടും. സർക്കാർ ഇക്കാര്യം കൂടി പരിഗണിക്കാൻ മുന്നോട്ടുവരണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ നല്ലൊരു ശതമാനം സിക്ക് യൂണിറ്റുകളിൽ കോടിക്കണക്കിന് രൂപയുടെ മെഷിനറികളും മറ്റു ആസ്തികളും ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇത് സംരംഭകർക്ക് മാത്രമല്ല ദേശീയമായ ഒരു സാമ്പത്തിക നഷ്ടം കൂടിയാണ്. ധാരാളം എം.എസ്.എം.ഇ. യൂണിറ്റുകൾ സർഫാസി ആക്റ്റിലും റവന്യു റിക്കവറി നടപടികൾക്കും വിധേയമായി കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള പീഡിത വ്യവസായങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. കോടിക്കണക്കിന് ആസ്തിയുള്ള പുതിയ സംരംഭം വരാൻ മിനിമം ഒരു കൊല്ലം മുതൽ രണ്ടു കൊല്ലം വരെ എടുക്കും, എന്നാൽ നിലവിലുള്ള സംരംഭങ്ങൾ പുനരുദ്ധരിപ്പിക്കാൻ പരമാവധി മൂന്ന് മുതൽ ആറു മാസം വരെ മാത്രമേ വേണ്ടി വരികയുള്ളൂ. ഈ നയം സ്വീകരിച്ചാൽ പൂട്ടി കിടക്കുന്ന സ്ഥാപനങ്ങളിലെ കോടിക്കണക്കിന് രൂപയുടെ മെഷിനറികൾ പ്രവർത്തിപ്പിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ സൗകര്യങ്ങൾ വീണ്ടെടുക്കാനും സർക്കാരിനുള്ള റവന്യു വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. പീഡിത വ്യവസായ പുനരുദ്ധാരണത്തിന് തടസ്സമായി നിൽക്കുന്നത് ധനകാര്യ സ്ഥാപനങ്ങൾ ആണെന്നുള്ള ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാരിന് സ്വാധീനമുള്ള കേരള ബാങ്കിനേയും കേരള ഫിനാൻഷ്യൽ കോർപ്പറേഷനെയും ഈ പുനരുദ്ധാരണ പദ്ധതിയിൽ കൂടുതൽ പങ്കാളിത്തം ഉണ്ടാകാൻ സർക്കാരിന്റെ ശ്രദ്ധ പതിയേണ്ടതാണ്.




**KSSIA NEWS (Vyavasayam) Monthly Magazine Advt. Tariff**

| | |
|---|---|
| Front Page Bottom (Colour) | -12,000 +G S T |
| Full Back page (Colour) | -15.000 +G S T |
| Full Back page inside (Colour) | - 10,000 +G S T |
| Full Front Page inside (Colour) | - 10,000 +G S T |
| Full page inside (Colour) | - 9,000 +G S T |
| Half page inside (Colour) | - 5,000 +G S T |
| Quarter page inside (Colour) | - 3,000 +G S T |

Journal Size Demy 1/4
Number of pages – 24
Discount
For 12 months insertion 15%
For 6 months insertion 10%



# പവർ ഫാക്ടർ പെനാൽട്ടി

പി.കെ.പുരുഷോത്തോമൻ



2019 ജൂലൈ എട്ടാം തിയതി OA.No.15/2018 പുതുക്കിയ താരീഫ് ഓർഡർ നിലവിൽ വന്നപ്പോൾ തന്നെ പവർ ഫാക്ടർ പെനാൽട്ടിയുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമായിരുന്നുവെങ്കിലും വ്യവസായിക മേഖലയിൽ ഇന്നും അതിന് വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല എന്ന് പറയേണ്ടിവരും. നിലവിൽ പ്രവർത്തിച്ചു വരുന്ന ഒരു വ്യവസായ സ്ഥാപനത്തിൽ എനിക്ക് നേരിട്ടുള്ള അനുഭവം ഇവിടെ വിവരിക്കുന്നു.

പ്രസ്തുത സ്ഥാപനത്തിൽ (NAMAZCO Pet Industries, Kannur) കുറച്ചു പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിനായി നടത്തേണ്ടി വന്ന ഇലക്ട്രിക്കൽ വർക്കുകളുടെ ഭാഗമായി നടത്തിയ പരിശോധനയിൽ, പ്രവർത്തനരഹിതമായ കപ്പാസിറ്ററുകൾ എന്റെ ശ്രദ്ധയിൽപ്പെടുകയും, അവ മാറ്റി പുതിയവ വെയ്ക്കുകയും ചെയ്തു. തുടർന്നുള്ള മാസങ്ങളിലെ കറണ്ട് ബില്ലിൽ വന്ന കുറവ് ശ്രദ്ധിച്ചപ്പോഴാണ്, കഴിഞ്ഞ കുറെ കാലമായി സ്ഥാപനം അടച്ചിരുന്ന കറണ്ട് ബില്ലിലെ വലിയൊരു ഭാഗം, പവർ ഫാക്ടർ പെനാൽറ്റി ആയിരുന്നുവെന്ന് മനസ്സിലാകുന്നത്. തുടർന്ന് മുമ്പുള്ള രണ്ട് വർഷക്കാലയളവിലെ ബില്ലുകൾ പരിശോധിച്ചപ്പോൾ മൊത്തം 2,16,924 രൂപ പവർ ഫാക്ടർ പെനാൽറ്റി ഇനത്തിൽ കെ.എസ്.ഇ.ബി. ഈടാക്കിയതായി മനസിലായി.

ഇത്തരത്തിൽ പി.എഫ്. പെനാൽറ്റി ചുമത്തുന്നതിന്റെ നിയമവശം താരീഫ് ഓർഡർ 15/2018, Part A low Tension tariff clause No. 5, general condition പ്രകാരം പരിശോധിക്കാം. നിലവിലുണ്ടായിരുന്ന കപ്പാസിറ്ററുകൾക്ക് കേടുപാട് സംഭവിക്കുകയോ, നിയമപരമായി നിലനിർത്തേണ്ട പവർ ഫാക്ടറിൽ കുറവ് സംഭവിക്കുകയോ ചെയ്താൽ ലൈസൻസി, ഉപഭോക്താവിന് നോട്ടീസ് നല്കുകയും, മാറ്റി സ്ഥാപിക്കുന്നതിനായി 30 ദിവസം സമയം അനുവദിക്കേണ്ടതുമാണ്. പ്രസ്തുത സമയത്തിനകം ഉപഭോക്താവ് കപ്പാസിറ്റർ മാറ്റി സ്ഥാപിച്ചില്ലെങ്കിലോ, പവർ ഫാക്ടർ നിയമപ്രകാരം ക്രമികരിച്ചില്ലെങ്കിലോ മാത്രമെ പിഴ ഈടാക്കാൻ പാടുള്ളു എന്നതാണ് ഈ നിയമത്തിൽ വ്യക്തമാക്കുന്നത്. നിർഭാഗ്യവശാൽ മിക്കയിടത്തും ഈ അറിയിപ്പ് നല്കുന്ന പതിവ് കെ.എസ്.ഇ.ബി.ക്ക് ഇല്ല എന്നുള്ളതാണ് വസ്തുത. (ഇതു കൂടാതെ 2018 ലെ താരീഫ് ഓർഡറിൽ (Opinion of the Commission) ക്ലോസ് നമ്പർ 2 (9) പരിശോധിച്ചാൽ CEA Regulation അനുസരിച്ച് സപ്ലൈ വോൾട്ടേജ് 33 കെ.വി.യും അതിന് മുകളിലുള്ള ഉപഭോക്താക്കൾ മാത്രമെ പവർ ഫാക്ടർ 0.95 നിർബന്ധമായും നിലനിർത്തേണ്ടതുള്ളു. അങ്ങനെ വരുമ്പോൾ, 33 കെ.വി. സപ്ലൈ വോൾട്ടേജിന് താഴെയുള്ള ഉപഭോക്താക്കൾ പവർ ഫാക്ടർ 0.95 നിർബന്ധമായും നിലനിർത്തേണ്ട കാര്യം ഇല്ല. നിയമ പ്രകാരം ആവശ്യമില്ലാത്ത കാര്യത്തിനാണ് ഈ പെനാൽറ്റി ഈടാക്കി കൊണ്ടിരിക്കുന്നത് എന്നും ഓർക്കണം. (പുതിയ താരീഫ് ഓർഡർ 2022 ഇറങ്ങിയെങ്കിലും അതിൽ ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ കാര്യത്തിൽ നേരത്തെതിൽ നിന്നും വ്യത്യാസമൊന്നുമില്ലാത്തതിനാലാണ് ഇവിടെ പ്രതിപാദിക്കാതിരുന്നത്. അതിൽ ഡൊമസ്റ്റിക് കൺസ്യൂമേഴ്സിന്റെ കാര്യത്തിലാണ് മാറ്റം വന്നിട്ടുള്ളത്).

ഈ നിയമ വശത്തെക്കുറിച്ച് പ്രസ്തുത സ്ഥാപന ഉടമയെ ബോദ്ധ്യപ്പെടുത്തുകയും നോട്ടീസ് നൽകാതെ പെനാൽറ്റി എന്ന നിലയിൽ ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനായി CGRF ൽ (Consumer Grievance Redressel Forum) പരാതി നല്കുകയും ചെയ്തു. എന്നാൽ CGRF, കെ.എസ്.ഇ.ബി.യുടെ പ്രവർത്തിയെ ശരിവെക്കുകയാണ് ചെയ്തത്.

പിന്നീട് ഉപഭോക്താവ് ബഹു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. പവർ ഫാക്ടർ പെനാൽറ്റി എന്നുള്ളത്

കെ.എസ്.ഇ.ബി. ഒരു വരുമാന മാർഗ്ഗമായി കണക്കാക്കരുതെന്നും, കെ.എസ്.ഇ.ബി.യുടെ സിസ്റ്റത്തിന് നഷ്ടമുണ്ടായി എന്ന കാരണത്താൽ അത് നികത്താൻ പിഴ ഈടാക്കുന്നതിന് മുമ്പ് നിയമപ്രകാരമുള്ള നോട്ടീസ് നൽകാനുള്ള ജാഗ്രത കാണിക്കുകയാണ് വേണ്ടിയിരുന്നതെന്നും, കെ.എസ്. ഇ. ബി. ലിമിറ്റഡിനെ ബഹു. ഓംബുഡ്സ്മാൻ ഓർമ്മപ്പെടുത്തുകയുണ്ടായി. തുടർന്ന് നോട്ടീസ് നൽകാതെ ഈടാക്കിയ തുക തിരികെ നൽകാനുള്ള ഉത്തരവ് നല്കുകയും ചെയ്തു.

മീറ്റർ റീഡർ നല്കുന്ന സ്പോട്ട് ബില്ലിലെ മറഞ്ഞിരിക്കുന്ന രഹസ്യമാണ് പവർ ഫാക്ടർ പെനാൽറ്റി എന്നത് പലർക്കും അറിയില്ല. *other charges* എന്ന തലക്കെട്ടിലാണ് പവർ ഫാക്ടർ പെനാൽറ്റി ബിൽ ചെയ്യപ്പെടുന്നത്. ആയതിനാൽ ഒറ്റനോട്ടത്തിൽ പിഴ ഈടാക്കുന്നതാണെന്ന് തിരിച്ചറിയുകയും ഇല്ല. ഈ രീതി ലൈസൻസിയെ സംബന്ധിച്ച് ഒട്ടും അഭികാമ്യമായ കാര്യമല്ല.

ഈ കേസിൽ ബഹു. ഓംബുഡ്സ്മാന്റെ P/059/2021 അപ്പീൽ പെറ്റീഷന് മേലുള്ള വിധി പുന: പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി. പിന്നീട് RP 001/2022 നമ്പർ റിവ്യു പെറ്റീഷൻ നൽകിയെങ്കിലും അതും പൂർണ്ണമായി തള്ളിക്കളയുകയാണ് ചെയ്തത്. ഈ വിധിയിൽ നിന്നും കൃത്യമായ നോട്ടീസ് നൽകാതെ ഉപഭോക്താവിനു മേൽ ചുമത്തുന്ന പി.എഫ്. പെനാൽറ്റി ഒഴിവാക്കേണ്ടതാണെന്ന് നിസ്സംശയം പറയാം.

**ഇലക്ട്രിസിറ്റി - സബ് കമ്മിറ്റി കൺവീനറാണ് ലേഖകൻ**





# വ്യവസായ കേരളത്തിന്റെ പുതുചരിത്രം ആവേശമായി സംരംഭക മഹാസംഗമം

**എസ്. സൂരജ്**
C E O, KERALA BUREAU OF INDUSTRIAL PROMOTION (KBIP)

കേരള ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത വ്യവസായ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ദിനങ്ങൾക്കൊക്കെയും മാറ്റുകൂട്ടി സംരംഭക മഹാസംഗമം. വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിൽ സംരംഭങ്ങൾ പടുത്തുയർത്തിയ പതിനായിരത്തോളം പേരാണ് 2023 ജനുവരി 21 ന് കലൂർ ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിൽ ചേർന്ന മഹാസംഗമത്തിൽ പങ്കെടുത്തത്. കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ സംരംഭക കൂട്ടായ്മയുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

കേരളത്തിൽ വ്യവസായം വളരില്ലെന്ന് ആക്ഷേപിച്ചവർക്കുള്ള മറുപടിയാണ് സംരംഭക മഹാസംഗമമെന്ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 10 മാസങ്ങൾക്കുള്ളിൽ ആരംഭിച്ച 1,24,249 സംരംഭങ്ങൾ സംസ്ഥാനത്തിന്റെ പ്രശോഭമായ വ്യവസായ ഭാവിയെയാണ് കാണിക്കുന്നതെന്നും സംരംഭക മഹാസംഗമം ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തെ ആദ്യ പത്തിലെത്തിക്കുക എന്ന ലക്ഷ്യത്തിന്റെ തുടക്കമാണ് സംരംഭക മഹാസംഗമമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ഒന്നേകാൽ ലക്ഷത്തിലധികം പുതിയ സംരംഭങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ചത്. സംരംഭക വർഷം പദ്ധതി തുടങ്ങിയ അന്നു മുതൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ സുവ്യക്തമായ മേൽനോട്ടത്തിന്റെയും വ്യവസായ വകുപ്പിന്റെ പഴുതടച്ചുള്ള ശ്രമങ്ങളുടെയും പരിണാമമാണിതെന്ന് ബഹു. മന്ത്രി പറഞ്ഞു. ഉത്പന്നങ്ങളിലെ



കേരള ബ്രാൻഡും സ്വന്തമായ ഇ കോമേഴ്സ് സംവിധാനവും ഉടൻ നടപ്പിൽ വരുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാധാരണക്കാരന്റെ വികസനത്തെ മാനവികതയിലൂന്നി മുന്നോട്ടു കൊണ്ടുപോവുകയെന്നതാണ് സർക്കാരിന്റെ നയമെന്ന് ബഹു. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു. സ്കെയിലപ്പ് സർവേ

പദ്ധതികളുടെ ഉദ്ഘാടനവും സംരംഭകർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. എം.എൽ.എ.മാരായ പി.പി. ശ്രീനിജൻ, ആന്റണി ജോൺ, കെ.എൻ. ഉണ്ണികൃഷ്ണൻ, ചീഫ് സെക്രട്ടറി പി.പി.ജോയ് ഐ.എ.എസ്, സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ സ്ഥിരം പ്രതിനിധി കെ.വി. തോമസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല ഐ.എ.എസ്, എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ സുധീർ കെ., പി.എസ്. സുരേഷ്കുമാർ, റിയാബ് ചെയർമാൻ ഡോ. ആർ.അശോക്, കിൻഫ്ര എം.ഡി. സന്തോഷ് കോശി തോമസ്, കെബിപ് സി.ഇ.ഒ. സൂരജ് എസ്, കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, ഫിക്കി കേരള കൗൺസിൽ മേധാവി സാവിയോ മാത്യു തുടങ്ങിയവർ സംബന്ധിച്ചു.

നവസംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ തീം പവലിയൻ സംഗമത്തോടനുബന്ധമായി ഒരുക്കിയിരുന്നു. സംരംഭകർക്ക് മികച്ച പിന്തുണ ഉറപ്പാക്കുന്നതിനും സഹായ സേവനങ്ങൾ ഒരുക്കുന്നതിനായി 75 ഓളം സർക്കാർ – സർക്കാരിതര സ്റ്റാളുകളും സജ്ജമാക്കി. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി ക്രമങ്ങൾക്കായി ഉദ്യം റജിസ്ട്രേഷൻ, സർക്കാർ ഇ-മാർക്കറ്റ് പോർട്ടലുകളായ ജെം റജിസ്ട്രേഷൻ കേരള ഇ-മാർക്കറ്റ് പോർട്ടൽ വ്യവസായ വകുപ്പിന്റെ സംരംഭക പിന്തുണ ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ്, ഭക്ഷ്യ സംസ്കരണ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന പി.എം.എഫ്.എം.ഇ. പദ്ധതി എന്നിവയുടെ സ്റ്റാളുകളും ആകർഷണമായി.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 8 മാസത്തിനുള്ളിൽ സംസ്ഥാനത്ത് പുതുതായി നിലവിൽ വന്നത് ഒരു ലക്ഷം സംരംഭങ്ങളാണ്. അതായത് ലക്ഷ്യം പൂർത്തികരിക്കാൻ വേണ്ടി വന്നത് കേവലം 247 ദിവസങ്ങൾ മാത്രം. സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ് പദ്ധതി ഇതിനോടകം കൈവരിച്ചിരിക്കുന്നത്. പദ്ധതിയിൽ ഇത് വരെ (2023 ഫെബ്രുവരി 08 വരെയുള്ള കണക്കുകൾ പ്രകാരം) 130,490 സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 7,892.64 കോടി രൂപയുടെ നിക്ഷേപം ഉണ്ടായി. 2,80,830 പേർക്ക് പുതുതായി തൊഴിൽ നൽകാനും പദ്ധതിയിലൂടെ കഴിഞ്ഞു.

തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ സംരംഭം തുടങ്ങിയിട്ടുള്ളത്. എറണാകുളവും തിരുവനന്തപുരവും തൊട്ടുള്ള സ്ഥാനങ്ങളിൽ നിലയുറപ്പിച്ചു. സംരംഭകരിൽ 38 ശതമാനവും വനിതകളാണ് എന്നത് വലിയൊരു നേട്ടമാണ്. 9 ട്രാൻസ്ജെൻഡേഴ്സും സംരംഭകരായി എന്നത് പദ്ധതിയുടെ വ്യാപ്തിയും ഉൾക്കൊള്ളലുമാണ് വ്യക്തമാക്കുന്നത്.

2022 മാർച്ച് 30ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന ഈ ബൃഹത്തായ പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണവും ഉറപ്പ് വരുത്തിയിരുന്നു. സംരംഭകവർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന – ജില്ലാ-തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപികരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചു. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ്പ് ഡെസ്ക്ക് സംവിധാനം നടപ്പിലാക്കിയിരുന്നു. എല്ലാ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺന്മാരേയും നിയമിച്ചു. സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള നിക്ഷേപ സൗഹൃദ നടപടികൾ സംരംഭകത്വത്തിലേക്ക് കാലെടുത്തുവെക്കുന്നതിന് ശങ്കിച്ചു നിന്നവരെയും പദ്ധതിയുടെ ഭാഗമാക്കാൻ സഹായിച്ചിട്ടുണ്ട്.

വ്യവസായങ്ങൾക്ക് പറ്റിയ സംസ്ഥാനമല്ല കേരളമെന്ന മിഥ്യാബോധത്തിന് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലെന്ന് തെളിയിക്കുന്നതായിരുന്നു 2023 ജനുവരി 21 ന് കൊച്ചിയിൽ നടന്ന സംരംഭക മഹാസംഗമം. മികച്ച ആശയങ്ങളും ഇച്ഛാശക്തിയും കൈമുതലാക്കിയവർക്ക് വെളിച്ചമായി എന്നും വ്യവസായ വകുപ്പിന്റെ സംരംഭക സൗഹൃദ നയങ്ങളും പദ്ധതികളും ഒപ്പമുണ്ടാകുമെന്ന ഉറപ്പിൽ പണിതുയർത്തിയത് ലക്ഷത്തിനും മുകളിൽ സംരംഭങ്ങളാണ്. **കേരളത്തിൽ സംരംഭമോ** ! എന്ന് നെറ്റി ചുളിച്ചവർക്ക് മുന്നിൽ ഒരുമിച്ച് കൂടിയ പതിനായിരത്തിലധികം സംരംഭകർ അഭിമാനപൂർവ്വം പറഞ്ഞു, ഞാൻ സംരംഭകനാണ്, എന്റെ സംരംഭം നാടിന്റെ അഭിമാനം.

# ചെറിയ സംരംഭം വലിയ മൂല്യം : കേരള അഗ്രോ -ഫുഡ് പ്രൊ തൃശ്ശൂരിൽ സംഘടിപ്പിച്ചു

കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഏറ്റവും വലിയ പ്രദർശന-വിപണന മേഖലകളിലൊന്നായ കേരള അഗ്രോ-ഫുഡ് പ്രൊ തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വിദ്യാർത്ഥി കോർണറിൽ 2023 ഫെബ്രുവരി 4 മുതൽ 7 വരെ സംഘടിപ്പിച്ചു. ഭക്ഷ്യ മേള, പ്രദർശന വിപണനമേള,യന്ത്രപ്രദർശനം-വിവരണം എന്നിങ്ങനെ കാർഷിക മൂല്യ വർദ്ധിത ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാകുന്ന വിധത്തിൽ ആസൂത്രണം ചെയ്ത് മേള അക്ഷരാർത്ഥത്തിൽ രുചിയുടെയും, സമഭാവനയുടെയും സാങ്കേതിക വിദ്യയുടെയും, വൈവിധ്യത്തിന്റെയും പ്രദർശനശാലയായിരുന്നു. കാർഷിക സംസ്ക്കരണ സംരംഭ രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ച് കൊണ്ട് സംഘടിപ്പിച്ച പ്രദർശനമേളക്കാണ് നാല് ദിവസം പൂരനഗരിയിൽ അരങ്ങൊരുങ്ങിയത്.

2023 ഫെബ്രുവരി 4 ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്ത മേളയിൽ ദേവസ്വം,പട്ടികജാതി-പട്ടിക വർഗ്ഗ, പിന്നോക്ക ക്ഷേമ പാർലമെന്ററികാര്യ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ, ജില്ലാ കളക്ടർ ശ്രീമതി ഹരിത വി. കുമാർ ഐ.എ.എസ്, തൃശ്ശൂർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഡേവിസ് മാസ്റ്റർ, വാർഡ് കൗൺസിലർ ശ്രീമതി പൂർണ്ണിമ സുരേഷ്, വ്യവസായ വകുപ്പ് അഡീഷണൽ ഡറക്ടർ സുധീർ. കെ., കിൻഫ്ര എം.ഡി സന്തോഷ് കോശി തോമസ്, തൃശ്ശൂർ എം.എസ്.എം.ഇ. ഡി.എഫ്.ഒ. ഡയറക്ടർ ജി.എസ്.പ്രകാശ്, കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, കേരള എഫ്.ഐ.സി.സി. ചെയർമാൻ ഡോ.എം.എ. സഹദുള്ള, കേരള സി.ഐ.ഐ. ചെയർമാൻ ജീമോൻ കോര, കേരള ആഗ്രോ ഫുഡ് പ്രൊ 2023 ജനറൽ കൺവീനറായ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ഡോ.കെ.എസ്.കൃപകുമാർ എന്നിവർ സംബന്ധിച്ചു. തുടർന്ന് മേളയിൽ പ്രദർശനത്തിനും വിപണനത്തിനും വേണ്ടി ജില്ലകൾ പ്രതിനിധീകരിച്ച് ഒരുക്കിയ സ്റ്റാളുകളും മന്ത്രിയുടെ നേതൃത്വത്തിൽ സന്ദർശിക്കപ്പെട്ടു.

മേളയോടനുബന്ധിച്ച് 172 സ്റ്റാളുകളാണ് വിവിധ ജില്ലകളിൽ നിന്നുമുള്ള സംരംഭകർ ഒരുക്കിയത്.സാങ്കേതിക ശില്പശാല, പ്രദർശന വിപണനമേള, വിവിധ ക്ലാസ്സുകൾ, യന്ത്ര പ്രദർശനവും പരിചയവും, വിഷയാധിഷ്ഠിത പാചക മത്സരം, കലാസാംസ്കാരിക പരിപാടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയ മേളയിൽ ഒരു ചെറുകിട വ്യവസായം വിജയകരമായി കൊണ്ടു പോകുന്നതിനായി ഏതൊക്കെ മേഖലകളിൽ എങ്ങനെ ശ്രദ്ധ കേന്ദ്രീകരിക്കണം എന്ന കൃത്യമായ അവബോധം സംരംഭകർക്ക് ലഭ്യമായി. കൂടാതെ വിപണിയുടെ വാണിജ്യ മേഖലകളിലെ പുതിയ ട്രെൻഡും കൃത്യമായി മനസ്സിലാക്കാനും സംരംഭകർക്ക് സാധിച്ചു.

മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രദർശനം, വില്പന, ഭക്ഷ്യ ഉത്പന്ന നിർമ്മാണ മത്സരങ്ങൾ, വൈവിദ്ധ്യമാർന്ന ഉല്പന്ന നിർമ്മാണ മേഖലകളെ അതികരിച്ചുള്ള സെമിനാറുകൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം തുടങ്ങിയ കാർഷിക ഭക്ഷ്യ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദ്യാ വ്യാപന പരിപാടികൾ മെഷിനറി നിർമ്മാതാക്കൾ, സ്റ്റാർട്ട് അപ്പുകൾ, ഇ.ഡി. ക്ലബ്ബുകൾ ഹെൽപ് ഡെസ്ക്ക്, പാരമ്പര്യ ഭക്ഷ്യ ഉല്പ്പന്ന സ്റ്റാളുകൾ എന്നിവയുടെ പങ്കാളിത്തം, ഫുഡ് പവലിയൻ, കലാസന്ധ്യകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളാണ് 2023 ഫെബ്രുവരി 4 മുതൽ അരങ്ങേറിയത്.

സംരംഭകരെ സംബന്ധിച്ചത്തോളം തന്റെ സംരംഭത്തെയും ഉല്പ്പന്നത്തെയും ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കാൻ കിട്ടിയ മികച്ച അവസരമായിരുന്നു ഇത്. 172 സ്റ്റാളുകളിലായി നിരവധി സംരംഭങ്ങളാണ് ഫുഡ് പ്രൊയിൽ പങ്കെടുത്തത്. 223 ലക്ഷത്തിന്റെ റെക്കോർഡ് വിൽപ്പനയാണ് കേരള അഗ്രോ ഫുഡ് പ്രൊ 2023 ന്റെ ഭാഗമായി നടന്നത്. സംസ്ക്കരണ യന്ത്രങ്ങളുടെ വിപണിയന്വേഷണം മാത്രം 90 കോടി കടന്നു. നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള യന്ത്രങ്ങൾക്കും സംരംഭകർ ഓർഡർ നൽകി. ഓരോ സംരംഭകനും, സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവനും അഭിമാനവും ആത്മവിശ്വാസവും നൽകിയാണ് മേളയ്ക്ക് കൊടിയിറങ്ങിയത്.

2023 ഫെബ്രുവരി 7 ന് തേക്കിൻകാട് മൈതാനത്ത് വെച്ച് പ്രൗഡഗംഭീരമായ ജനാവലിയെ സാക്ഷി നിർത്തിയായിരുന്നു സമാപനചടങ്ങ്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ഡേവീസ് മാസ്റ്റർ ഉദ്ഘാടനം നിർവ്വഹിച്ചു. കേരള അഗ്രോ ഫുഡ് പ്രൊ 2023 ന്റെ ജനറൽ കൺവീനറും തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുമായ ഡോ. കെ.എസ്. കൃപകുമാർ സദസ്സിനെ സ്വാഗതം ചെയ്തു. ചടങ്ങിൽ തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ രാജശ്രീ ഗോപൻ അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂരിലെ എം.എസ്.എം.ഇ. ഡി.എഫ്.ഒ. ജി.എസ്. പ്രകാശ് മുഖ്യ പ്രഭാഷണം നടത്തി. തൃശ്ശൂർ കെ.എസ്.എസ്.ഐ.എ. ജില്ലാ പ്രസിഡന്റ് ഭവദാസൻ പ്രത്യേക പ്രഭാഷണം നടത്തി. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശിവകുമാർ, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബെൻഡിക്റ്റ് വില്യം ജോൺസ് എന്നിവർ ആശംസകൾ നേർന്നു. മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രജ്ഞിത്ത് നന്ദി പറഞ്ഞു.



അഡ്വ. കെ. എസ്. ഹരിഹരൻ

# 2023 – ബിസിനസുകാരെ കാത്തിരിക്കുന്നത് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിലെ ഓഡിറ്റ്

ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് ജി.എസ്.റ്റി. ഓഡിറ്റിങ്ങിനായി അതിവിപുലമായ സാങ്കേതിക വിദ്യയുടെയും ട്രെയിനിങ്ങിന്റെയും പിൻബലത്തോടെ സ്ഥാപനങ്ങൾക്ക് വ്യാപകമായ ഓഡിറ്റിങ്ങ് നോട്ടീസ് നല്കാൻ തയ്യാറെടുക്കുകയാണ്.

വാറ്റ് കാലഘട്ടങ്ങളിലെ ഇന്റലിജന്റ്സ് വിഭാഗത്തിന്റെ പരിശോധനയും പിഴയും വൻ തുകയുടെ എസ്കേപ്പ്ഡ് അസസ്മെന്റുമായിരുന്നു പേടി സ്വപ്നമെങ്കിൽ ഇന്റലിജന്റ്സ് നടപടികൾ ജി.എസ്.റ്റി.യിലും തുടരും. 2023–ൽ ബിസിനസുകാർക്ക് ഇരുട്ടടിയായാണ് ജി.എസ്.ടി.യുടെ അറുപത്തിയഞ്ചാം വകുപ്പ് പ്രകാരമുള്ള ഡിപ്പാർട്ട്മെന്റൽ ജി.എസ്.റ്റി. ഓഡിറ്റ് വരുന്നത്.

സംസ്ഥാനത്തെ ജി.എസ്.ടി. വകുപ്പിനും കേന്ദ്ര ജി.എസ്.റ്റി. വകുപ്പിനും സംയുക്തമായി അധികാരമുള്ള ജി.എസ്.റ്റി. എന്ന നികുതി സംബന്ധമായ കാര്യങ്ങളിൽ നിയമത്തെ അതിന്റെ അക്ഷരങ്ങളുടെ വാച്യാർത്ഥത്തിൽ മാത്രം നടപ്പാക്കുമ്പോൾ പ്രായോഗികമായ പരിമിതികൾ ഉദ്യോഗസ്ഥർ നോക്കുകയില്ല. അക്ഷരങ്ങളിൽ ചുറ്റിപ്പിടിച്ച് നിയമം നടപ്പാക്കുമ്പോൾ സംസ്ഥാന ജി.എസ്.റ്റി. വകുപ്പ് ഉദ്യോഗസ്ഥർ കേന്ദ്ര ജി.എസ്.റ്റി. പരിശോധനയുടെ കാര്യം പറഞ്ഞ് കൈയൊഴിയും. കേന്ദ്ര ജി.എസ്.റ്റി. ഉദ്യോഗസ്ഥർ സംസ്ഥാന ജി.എസ്.റ്റി. ഉദ്യോഗസ്ഥരെയും പഴിചാരും. ഇതിന്റെ അനന്തര ഫലം അനുഭവിക്കുന്നത് ചെറുകിട ഇടത്തരം ബിസിനസ്സുകാർ മാത്രമായിരിക്കും. വൻകിട ബിസിനസ്സുകാർക്ക് വിദ്യാസമ്പന്നരായ അപ്ഡേറ്റഡായ അക്കൗണ്ട്സ് വകുപ്പുകളിലൂടെ ശക്തമായ ഒരു ഇന്റേണൽ ഓഡിറ്റ് വിഭാഗവും പരിചയസമ്പന്നരായ അക്കൗണ്ടിങ്ങ് മാനേജ്മെന്റുമാരുടെ സംഘവും ഉണ്ടാകും. രണ്ടോ മൂന്നോ അക്കൗണ്ടിങ്ങ് സ്റ്റാഫിനെ വെച്ച് മാത്രം പ്രവർത്തിക്കുന്ന ചെറുകിട കച്ചവടക്കാർക്ക് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്കു മുമ്പിൽ പിടിച്ചു നില്ക്കുക അസാധ്യം തന്നെ.

ജി.എസ്.റ്റി. നെറ്റ്വർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാകാഞ്ഞതിനാലും ജി.എസ്.റ്റി. നെറ്റ്വർക്കിലെ ഓട്ടോമാറ്റിക്കായി പ്രതിഫലിക്കേണ്ട പല സ്റ്റേറ്റ്മെന്റുകളും കുറ്റമറ്റതാക്കപ്പെടാത്തതിനാലും നിയമത്തിന്റെ അപര്യാപ്തതമൂലവും ജി.എസ്.റ്റി.യുടെ ആദ്യ മൂന്നു നാലു വർഷങ്ങൾ ആകെ പ്രശ്നകലുഷിതമായിരുന്നു. അസ്വസ്ഥമായ ജി.എസ്.റ്റി.യുടെ ആദ്യ വർഷങ്ങളിലെ അനിശ്ചിതാവസ്ഥമൂലം ഉണ്ടായ സാങ്കേതിക പിഴവുകൾ പോലും ഓഡിറ്റിൽ പിഴയും പലിശയും അധിക നികുതിയും ചുമത്താനുള്ള ഉപകരണമാക്കി ജി.എസ്.റ്റി. വകുപ്പ് ഉപയോഗിക്കുന്നു എന്നതാണ് ജി.എസ്.റ്റി. പ്രൊഫഷണലുകളുടെയും ബിസിനസ്സുക്കാരുടെയും നെഞ്ചിടിപ്പിന്റെ ഗതിവേഗം കൂട്ടുന്നത്. പഴി കേൾക്കേണ്ടി വരുന്നത് സ്ഥാപനത്തിലെ അക്കൗണ്ടന്റുമാരും ടാക്സ് റിട്ടേൺ പ്രിപ്പയേഴ്സുമാണ് എന്നതും വസ്തുതയാണ്.

ഈ സമയത്താണ് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ്, ജി.എസ്.റ്റി ഓഡിറ്റിങ്ങിനായി അതിവിപുലമായ സാങ്കേതിക വിദ്യയുടെയും ട്രെയിനിങ്ങിന്റെയും പിൻബലത്തോടെ സ്ഥാപനങ്ങൾക്ക് വ്യാപകമായ ഓഡിറ്റിങ്ങ് നോട്ടീസ് നല്കാൻ തയ്യാറെടുക്കുന്നത്. ജി.എസ്.റ്റി. നെറ്റ്വർക്ക് പരിപൂർണ്ണമല്ലാതിരുന്ന 2017–18, 2018–19, 2019–20 എന്നീ വർഷങ്ങളെ ജി.എസ്.റ്റി. ഓഡിറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയില്ലെങ്കിലും കേരളത്തിലെ ഓഡിറ്റിനു വിധേയരാകുന്ന 95% ബിസിനസ്സുക്കാരും ഏറ്റവും കുറഞ്ഞത് 2 ലക്ഷം രൂപയുടെ അടുത്തെങ്കിലും ഓരോ വർഷത്തേക്ക് അധിക നികുതിയും പിഴയും പലിശയും അടക്കേണ്ടി വന്നേക്കും. ചിലപ്പോൾ ഒരു കച്ചവടക്കാരനിൽ നിന്നു തന്നെ കോടിക്കണക്കിന് രൂപക്കുമേൽ പോലും അധിക നികുതിയും പലിശയും പിഴയും ഈടാക്കപ്പെട്ടേക്കും.

ഇത്തരം പ്രശ്നങ്ങളിൽ ബിസിനസ്സ് സമൂഹം ജാഗ്രത പാലിക്കേണ്ടതും തന്റെ കണക്കുകൾ, സ്റ്റേറ്റ്മെന്റുകൾ, ബിസിനസ്സ് രേഖകൾ എങ്ങനെ നന്നായി സൂക്ഷിക്കണമെന്നും ഓഡിറ്റിനെ എങ്ങനെ സമീപിക്കണമെന്നും നിയമാനുസൃതം എങ്ങനെ നേരിടണമെന്നും വിശദീകരിക്കുന്നതിനായി ഒരു ജി.എസ്.റ്റി. ഓഡിറ്റ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരിക്കുകയാണ്.

**കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും**
**9846227555, 7902443188, 7907000401**

**ജി.എസ്.ടി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റി ചെയർമാനാണ് ലേഖകൻ**



# വിപണി മികച്ചതാക്കാൻ സർക്കാർ സപ്പോർട്ടുകൾ

ടി.എസ്. ചന്ദ്രൻ

വിപണി മികച്ചതെങ്കിൽ വിജയം സുനിശ്ചിതമാണ്. മെച്ചപ്പെട്ട വിപണി കണ്ടെത്താൻ നിരവധി പദ്ധതികൾ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട 10 പദ്ധതികൾ ഇവയാണ്.

## 1. പൊതു സംഭരണം

കേന്ദ്ര സർക്കാർ - പൊതുമേഖല സ്ഥാപനങ്ങളുടെ മൊത്തം സംഭരണത്തിന്റെ 25 ശതമാനം നിർബന്ധമായും സൂക്ഷ്മ ചെറുകിട മേഖലയിൽ നിന്നായിരിക്കണം. 3 ശതമാനം വനിതാ സംരംഭകരിൽ നിന്നും ശേഖരിക്കണം. 4 ശതമാനം എസ്.സി./എസ്.റ്റി. സംരംഭകരുടെ ഉല്പന്നങ്ങൾ ആയിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. ഉദ്യം റജിസ്ട്രേഷൻ ഉള്ള സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി. അടക്കേണ്ടതില്ല. കൂടാതെ ടെണ്ടർ ഫോം സൗജന്യമായി ലഭിക്കുകയും ചെയ്യും. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാണ് ഈ സൗകര്യം ലഭിക്കുക.(dcmsme.gov.in/pppm. സന്ദർശിക്കാവുന്നതാണ്).

## 2. സമാധാൻ പോർട്ടൽ

സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾ ഉല്പന്നങ്ങൾ വിൽക്കുമ്പോൾ പണം പിരിഞ്ഞ് കിട്ടാൻ താമസവും പ്രയാസവും ഉണ്ടാകുന്നു. അങ്ങനെ വരുമ്പോൾ പരാതി സമർപ്പിക്കാവുന്ന ഒരു പോർട്ടലാണ് ഇതും. വ്യവസായ-വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററിന്റെ സേവനം ഈ പോർട്ടൽ വഴി ലഭിക്കുന്നതാണ്. സംരംഭകർക്ക് തികച്ചും സൗജന്യമായി ലഭിക്കുന്ന ഒരു കോടതി സംവിധാനമാണ് ഫെസിലിറ്റേഷൻ സെന്റർ. (samadan.msme.gov.in).

## 3. എക്സിബിഷൻ ഗ്രാന്റുകൾ

അംഗീകൃത ദേശീയ വ്യവസായ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി വരുന്ന സ്റ്റാൾ വാടകയുടെ 80 ശതമാനം മുതൽ 100 ശതമാനം വരെ ഗ്രാന്റായി നൽകുന്നതാണ്. ഇവയുടെ പരമാവധി തുക 80,000/- മുതൽ 1,50,000/- രൂപ വരെയാണ്. ഇതിന് പുറമെ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി വരുന്ന യാത്ര, ചരക്ക് നീക്കം, പരസ്യം എന്നീ ചെലവുകളുടെ 100 ശതമാനം പരമാവധി 25,000/- രൂപ വരെയും ഗ്രാന്റ് അനുവദിക്കുന്നു. കേന്ദ്ര വ്യവസായ മന്ത്രാലയം ഒരുക്കുന്ന അന്തർദേശീയ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. പാക്കേജിങ്ങ് സംവിധാനങ്ങൾക്കായി സംരംഭകർക്ക് വരുന്ന ചെലവിന്റെ 80 ശതമാനം മുതൽ 100 ശതമാനം വരെ ഗ്രാന്റ് അനുവദിക്കുന്നു. പരമാവധി 1.5 ലക്ഷം രൂപയാണ് ഇങ്ങനെ അനുവദിക്കുക. പാക്കേജിങ്ങ് കൺസൾട്ടൻസി ചെലവുകൾക്ക് ആനുകൂല്യം കൈപ്പറ്റാം. (demsme.gov.in/guidelinesPMS)

## 4. ജെം പോർട്ടൽ (Government E Market Place - G M)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ സർക്കാരിന് നേരിട്ട് വിൽക്കാൻ കഴിയുന്ന ഒരു പ്ലാറ്റ്ഫോം ആണ് ജെം. സർക്കാർ ഓർഗനൈസേഷനുകൾ, വകുപ്പുകൾ പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് ആവശ്യമുള്ള ചരക്കുകളും സേവനങ്ങളും ഇതിലൂടെ വിൽക്കാൻ കഴിയും. റജിസ്റ്റർ ചെയ്യുന്നതിന് (mkp.gem.gov.in/Registration).

## 5. ട്രേഡ്സ് (Trade Receivables Electronic Discounting System TREDS)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ അവരുടെ ഉല്പന്നങ്ങൾ കോർപ്പറേഷനുകൾക്ക് വില്പന നടത്തുമ്പോഴാണ് ഈ ആനുകൂല്യം ലഭിക്കുക. ഇങ്ങനെ ലഭിക്കാനുള്ള തുകയുടെ ഇൻവോയ്സുകൾ പണമാക്കി മാറ്റാൻ ട്രേഡ്സ് സഹായിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിലൂടെയാണ് ഈ ആനുകൂല്യം ലഭ്യമാക്കുക. (www.m1xchange.com)

## 6. എം.എസ്.എം.ഇ. മാർട്ട് (MSME Global Mart)

എൻ.എസ്.ഐ.സി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കയറ്റുമതി പ്രോത്സാഹനമാണ് ലക്ഷ്യം. ഇതൊരു ബി 2 ബി പോർട്ടലാണ്. എം.എസ്.എം.ഇ. ഉല്പന്നങ്ങളെ അന്താരാഷ്ട്രതലത്തിൽ കസ്റ്റമേഴ്സുമായി ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. (msmemart.com).

## 7. ആഗോള ടെണ്ടർ ഒഴിവാക്കുന്നു

രാജ്യത്തെ എം.എസ്.എം.ഇ.കളെ സഹായിക്കുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ട് വന്നിരിക്കുന്ന പദ്ധതിയാണ്. സർക്കാർ വാങ്ങലുകളിൽ 200 കോടി രൂപ വരെയുള്ള ടെണ്ടറുകളിൽ ആഗോള സെന്ററുകൾ ഒഴിവാക്കുന്നു. ആഭ്യന്തര ഉല്പാദകർക്ക് പ്രത്യേകിച്ച് എം.എസ്.എം.ഇ.കൾക്ക് കൂടുതൽ വിപണി ഉറപ്പാക്കാൻ ഇത് മൂലം കഴിയുന്നു. (doe.gov.in/procurementpolicy).

## 8. എം.എസ്.എം.ഇ. ടെസ്റ്റിങ്ങ് സെന്റർ

അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്നു. അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി തങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കാനായി സ്വന്തം ചെലവിൽ ലബോറട്ടറികൾ സ്ഥാപിക്കുവാൻ കഴിയാത്തവർക്ക് ഈ സൗകര്യം ഉപയോഗിക്കാം. 4 പ്രാദേശിക ലാബോറട്ടറികളും ബി ടെസ്റ്റിങ്ങ് കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഡൽഹി. മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിലാണ് ലബോറട്ടറികൾ (dcmsme.gov.in/testingcentres)

## 9. എസ്.എം.ഇ. പോർട്ടൽ (കേരള)

കേരളത്തിലെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ഒരു ബി 2 ബി പോർട്ടൽ ആണ്. ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുമായി നേരിട്ട് ബന്ധപ്പെടാൻ പോർട്ടൽ സൗകര്യം ഒരുക്കുന്നു. ഉല്പന്നങ്ങൾ, കമ്പനി വിവരങ്ങൾ, പ്രൊഫൈലുകൾ, ദേശീയ അന്തർദേശീയ എക്സിബിഷനുകൾ തുടങ്ങിയ വിവരങ്ങൾ അതാത് സമയം ലഭ്യമാക്കുന്നു. (keralasme.com/Register).

## 10. ബി 2 ബി പോർട്ടൽ

കേരളത്തിലെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (K-bip) എന്ന സ്ഥാപനമാണ് ഇത് നിയന്ത്രിക്കുന്നത്. കേരളത്തിലെ സംരംഭങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓൺലൈൻ മുഖേന ചർച്ച നടത്താനും അന്താരാഷ്ട്ര തലത്തിലുള്ള കസ്റ്റമേഴ്സിനെ ബന്ധപ്പെടുത്താനും, വ്യവസായ ഉല്പന്നങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ ലഭ്യമാക്കാനും, വാണിജ്യ അന്വേഷണങ്ങളും അവസരങ്ങളും ലഭ്യമാക്കുന്നതിനും സൗകര്യം ചെയ്തിരിക്കുന്നു. (keralaemarket.com/org). വിപണനരംഗത്ത് കൂടുതൽ ഡിജിറ്റൽ സൗകര്യങ്ങളാണ് സർക്കാർ തലത്തിൽ ഒരുക്കിയിരിക്കുന്നത്. മിക്കവാറും എല്ലാം തന്നെ സംരംഭകർക്ക് സൗജന്യമായി ഉപയോഗപ്പെടുത്താവുന്നവയാണ്. ഉദ്യം റജിസ്ട്രേഷൻ എടുത്തിരിക്കുന്ന ജില്ലാ സംരംഭങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. 2021 ഏപ്രിൽ 1 മുതൽ മറ്റ് റജിസ്ട്രേഷനുകൾക്ക് പ്രാബല്യമില്ല എന്ന് കൂടി ഓർക്കണം.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**



# വനിതാ വ്യവസായികളുടെ കൂട്ടായ്മ



ശ്രീമതി ലിനറ്റ് ഫ്രാൻസ്

നമ്മുടെ കെ.എസ്.എസ്.ഐ.എ.യിൽ വനിതാ വ്യവസായികൾ നിരവധി ഉണ്ട്. അവരൊക്കെ മുൻ നിരയിലേക്ക് കടന്നു വരാതെ നല്ല രീതിയിൽ വ്യവസായം ചെയ്യുന്നുണ്ട്. അവരെ ഒത്തുചേർത്ത് കെ.എസ്.എസ്.ഐ.എ.യിൽ ഒരു വനിതാ വ്യവസായികളുടെ കൂട്ടായ്മ ഉണ്ടാക്കുകയെന്നത് എന്നിൽ നിറഞ്ഞ് നിൽക്കുന്ന ഒരാഗ്രഹമാണ്.

ഒരു പുരുഷന്റെ വിജയത്തിന് പിന്നിൽ ഒരു സ്ത്രീ എന്ന് പറയും പോലെ ഏതൊരു സ്ത്രീയുടെ പിന്നിലും ഒരു പുരുഷനും കുടുംബവും ഉണ്ടെന്നുള്ളതാണ് വാസ്തവം. എന്റെ കാര്യം പറയാം, കല്യാണം കഴിഞ്ഞ് അങ്കമാലിക്ക് വരുമ്പോൾ ഒരു റോഡ് മുറിച്ചു കടക്കാൻ തന്നെ പേടിയാകുമായിരുന്നു. ഇന്ന് ലോകത്തിന്റെ ഏതറ്റത്തേക്കും സഞ്ചരിക്കുവാനും ഞാൻ പ്രാപ്തയാണ്. അതിന് എന്നെ പ്രാപ്തയാക്കിയത് എന്റെ ഭർത്താവാണ്. എന്ത് ചെയ്യുമ്പോഴും എനിക്ക് അദ്ദേഹം നൽകുന്ന പോസിറ്റിവിറ്റിയാണ്.

ഇതേപോലെ വനിതാ വ്യവസായികളുടെ മുന്നോട്ടുള്ള വരവിനും ഉന്നമനത്തിനും, അവരുടെ ആവശ്യങ്ങൾക്കും ഒരു കൈതാങ്ങ് ആകുക എന്നത് തന്നെയാണ് വനിതാ കൂട്ടായ്മയുടെ ഉദ്ദേശം. എറണാകുളം ജില്ലയിൽ 56 വനിതാ വ്യവസായികൾ കെ.എസ്.എസ്.ഐ.എ.യിലെ മെമ്പർമാരാണ്. അത് ഒരു 100 വനിതാ വ്യവസായികളിലേക്ക് എത്തിക്കണമെന്ന ഒരു ആഗ്രഹം കൂടി എന്നിൽ അടങ്ങിയിരിക്കുന്നുണ്ട്. ഇപ്രകാരം ഓരോ ജില്ലയിലേയും പ്രവർത്തനം വ്യാപിപ്പിക്കുകയാണെങ്കിൽ സംസ്ഥാനതലത്തിൽ ശക്തമായ ഒരു വനിതാ പ്രാതിനിധ്യമുള്ള കൂട്ടായ്മ നിലവിൽ വരും. അതാകട്ടെ കെ.എസ്.എസ്.ഐ.എ.യുടെ പ്രവർത്തനത്തിനെ തന്നെ ശക്തിപ്പെടുത്തുകയും ചെയ്യും.

വനിതകൾ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അധിക പാക്കേജുകൾ പ്രഖ്യാപിക്കുവാനും, അതുവഴി സമൂഹത്തിലെ കൂടുതൽ വനിതകൾ തനിച്ചും കൂട്ടായും, വ്യവസായത്തിലേക്ക് കടന്നു വരുവാൻ പ്രാപ്തമാവുകയും ചെയ്യും. അങ്ങനെ ഈ കൂട്ടായ്മയുടെ വളർച്ച കൊണ്ട് ആനുകൂല്യങ്ങൾ അധികാരികളിൽ നിന്നും നേടിയെടുക്കുവാനുള്ള അവസരവും ഉണ്ടാകും. വനിതാ വ്യവസായികളുടെ മുന്നോട്ടുള്ള ഈ ഉദ്യമത്തിന് നിരുപാധിക പിന്തുണ കെ.എസ്.എസ്.ഐ.എ.യുടെ എല്ലാ വിഭാഗം ഭാരവാഹികളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ അത് തീർച്ചയായും നമ്മുടെ കൂട്ടായ്മയുടെ ഒരു നാഴികകല്ലായി അത് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2022–2023 സംസ്ഥാന സർക്കാർ വ്യവസായിക സംരംഭക വർഷമായി ആചരിക്കുന്ന ഈ കാലഘട്ടത്തിൽ പുതിയ ഒന്നര ലക്ഷം യൂണിറ്റുകളിൽ 40 ശതമാനവും സ്ത്രീ സംരംഭകരാണ്. 2023 ബഡ്ജറ്റിൽ സ്ത്രീ സംരംഭങ്ങൾക്ക് വേണ്ടി മാത്രം തുക വകയിരുത്തുകയും ചെയ്തിരിക്കുന്നു.

ഇത്തരം വനിതാ വ്യവസായികളുടെ കൂട്ടായ്മയെ നിയമാവലി ഭേദഗതിയിലൂടെ കെ.എസ്.എസ്.ഐ.എ അംഗീകരിക്കുന്നതിലൂടെ **വനിതാ കൂട്ടായ്മ** രൂപികരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

സംസ്ഥാന കമ്മിറ്റി (CZ) വനിതാ അംഗമാണ് ലേഖിക


## നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ. എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക

എസ്. സലിം
ചീഫ് എഡിറ്റർ

# Starting a business is hard.
# But it doesn't have to be lonely

ഒരു സംരംഭം തുടങ്ങുക എന്നത് എത്രമാത്രം ബുദ്ധിമുട്ടേറിയതാണെന്ന്
ഞങ്ങൾ മനസിലാക്കുന്നു ; അതുപോലെതന്നെ ചിലവേറിയതും.
നിങ്ങൾക്കായി ഇതാ ബിസ്പോളിന്റെ ഒരു തകർപ്പൻ ഓഫർ.

**KSSIA യിലെ എല്ലാ അംഗങ്ങൾക്കും എല്ലാ ഞങ്ങളുടെ എല്ലാ സേവനങ്ങളിലും 15% ഡിസ്കൗണ്ട്.**

ഈ എല്ലാ സേവനങ്ങളും പരിചയസമ്പന്നരായ പ്രൊഫഷനലുകളുടെ
സപ്പോർട്ടോടുകൂടി, അതും ആകർഷകമായ പാക്കേജിൽ.

| | | |
|---|---|---|
| Private Limited Company Registration<br>**Rs. 9888*** | Trademark Registration<br>**Rs.6499*** | GST Registration<br>**Rs.999*** |
| GST Monthly Filing<br>**Rs. 3499*** | Logo Design<br>**Rs.4999*** | Website Design<br>**Rs.14999*** |

(* Prices exclusive of GST)

ഈ ഓഫർ ഉപയോഗപ്പെടുത്താൻ
താല്പര്യമുണ്ടെങ്കിൽ താഴെയുള്ള
ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.

**ഡിസ്കൗണ്ട് ക്ലെയിം
ചെയ്യുന്നതിനായി ഡിസ്കൗണ്ട്
കോഡ് സെക്ഷനിൽ "BIZKSSIA15"
എന്റർ ചെയ്യുക.**



**Bizpo1e**

| | | | |
|---|---|---|---|
| **8000+**<br>Customers served in South India | **75%**<br>Customers recommend us | **50+**<br>Cities covered | **4.6+**<br>Google rating |

www.bizpole.in    +91 9539995533



# വിവിധതരം ഫയർ പോളിസികൾ



വിശ്വനാഥൻ ഒടാട്ട്

### 1. ഭാരത് ഗൃഹ രക്ഷാ:-

ഈ പോളിസിയിൽ കവർ ചെയ്യുന്നത്. 1. വീട് 2. വീടും വീടിനകത്തെ സാധന സാമഗ്രികളും. വീട് ഇൻഷൂർ ചെയ്യുമ്പോൾ റീ ഇൻസ്റ്റേറ്റ്മെന്റ് വാല്യുവിനാണ് ഇൻഷൂർ ചെയ്യേണ്ടത്. ഈ തുക നിശ്ചയിക്കുന്നത് വീടിന്റെ മൊത്തം വിസ്തീർണ്ണം X ഇപ്പോഴത്തെ നിർമ്മാണ ചിലവ്. ഈ പോളിസിയിൽ കവർചെയ്യുന്ന റിസ്ക്കുകൾ തീപിടുത്തം, പൊട്ടിത്തെറി, ഇടിമിന്നൽ, കലാപങ്ങൾ, സമരം, സംഘം ചേർന്നുള്ള ആക്രമണം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, തീവ്രവാദം, ഭൂമികുലുക്കം, വാഹനങ്ങൾ മൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് എന്നിവമൂലം സംഭവിച്ചേക്കാവുന്ന നഷ്ടങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ ഒരു ക്ലെയിം ഉണ്ടായി 7 ദിവസത്തിനുള്ളിൽ ഉണ്ടാവുന്ന കളവ് ഈ പോളിസിയിൽ കവർ ചെയ്യുന്നതാണ്. വീട് ഇൻഷൂർ ചെയ്യുമ്പോൾ വീട്ടിലെ സാധനസാമഗ്രികളും (പരമാവധി ഇൻഷൂർ ചെയ്യുന്ന തുകയുടെ 20%മോ അതല്ലെങ്കിൽ 10 ലക്ഷം രൂപയുടെ വസ്തുവഹകളോ) സ്വാഭാവികമായി കവർ ചെയ്യുന്നതാണ്. ഇതിനു പുറമെ ഒരു ക്ലെയിം ഉണ്ടായാൽ ആർക്കിടെക്റ്റ്, സർവെയർ, എഞ്ചിനീയർ എന്നിവരുടെ ഫീസ് ഇനത്തിൽ ക്ലെയിം തുകയുടെ 5%വരെ ലഭിക്കുന്നതാണ്. ഒരു ക്ലെയിം ഉണ്ടായാൽ ബിൽഡിങ്ങിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലെയിം ചെയ്ത തുകയുടെ 2%വും, വീടുമാറി താമസിക്കാനുള്ള വീട്ടുവാടക ചിലവും കമ്പനി നൽകുന്നതാണ്. പോളിസി കാലാവധി ഒരുവർഷം മുതൽ 10 വർഷം വരെയാണ്. ഇൻഷൂർ ചെയ്യാനായി വീടിന്റെ വില, സാധന സാമഗ്രികളുടെ വില, പൂർണ്ണമായ മേൽവിലാസം എന്നിവ നൽകിയാൽ മതി. ദീർഘകാലത്തേക്ക് ഇൻഷൂർ ചെയ്യുമ്പോൾ പ്രീമിയത്തിൽ ചെറിയ ഇളവുകൾ ലഭിക്കുന്നതാണ്.

### 2. ഭാരത് സൂക്ഷ്മ ഉദ്യം സുരക്ഷാ (5 കോടി രൂപ വരെ ഇൻഷൂർ ചെയ്യാം)

### 3. ഭാരത് ലഘു ഉദ്യം സുരക്ഷാ (5 കോടി രൂപ മുതൽ 50 കോടി രൂപവരെ)

മേൽപറഞ്ഞ രണ്ട് പോളിസികളിലും കവർ ചെയ്യുന്നത് ഓഫീസ്, ഷോപ്പ്, ഹോട്ടൽ, വ്യവസായ സ്ഥാപനങ്ങൾ, ഗോഡൗണുകൾ എന്നിവയാണ്. ഈ പോളിസിയിൽ കവർ ചെയ്യുന്ന റിസ്കുകൾ തീപിടുത്തം, പൊട്ടിത്തെറി, ഇടിമിന്നൽ കലാപങ്ങൾ, സമരം, സംഘം ചേർന്നുള്ള ആക്രമണം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, തീവ്രവാദം, ഭൂമികുലുക്കം, വാഹനങ്ങൾ മൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടം,കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് എന്നിവമൂലം സംഭവിച്ചേക്കാവുന്ന നഷ്ടങ്ങളും ഇതിൽ ഉൾപ്പെടുന്നു. മേൽപറഞ്ഞ പോളിസിയിൽ ബിൽഡിങ്ങ്, ഫിക്സ്ചേഴ്സ് & ഫിറ്റിംങ്ങസ്, പ്ലാന്റ് & മെഷിനറി, സ്റ്റോക്ക് മുതലായവ ഇൻഷൂർ ചെയ്യാവുന്നതാണ്. 5 കോടിവരെ വിലമതിക്കുന്ന സാധന സാമഗ്രികളാണ് ഭാരത് സൂക്ഷ്മ ഉദ്യം സുരക്ഷാ പോളിസി വഴി പരമാവധി ഇൻഷൂർ ചെയ്യുക. എന്നാൽ 5 കോടി മുതൽ 50 കോടിവരെ ഇൻഷൂർ ചെയ്യാനുള്ള പോളിസിയാണ് ഭാരത് ലഘു ഉദ്യം സുരക്ഷാ.

ഈ രണ്ട് പോളിസികളിലും താഴെ പറയുന്ന കവറേജുകൾ കൂട്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് പുതുതായ വസ്തുതകൾ, മാറ്റങ്ങൾ, കൂട്ടിചേർക്കൽ, താൽകാലികമായി സ്റ്റോക്ക് ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് മാറ്റുക, പ്രത്യേക സാമഗ്രികൾക്കുള്ള പരിരക്ഷ, സ്റ്റാർട്ടപ്പ് ചിലവുകൾ, പ്രൊഫഷണൽ ഫീസ്, നാശം വന്ന അവശിഷ്ടം മാറ്റുന്നതിനുള്ള ചിലവുകൾ, ഗവൺമെന്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചിലവ് മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക പ്രീമിയം അടക്കാതെ സ്റ്റോക്കിന് ഡിക്ലറേഷൻ പോളിസിയും, ഫ്ളോട്ടർ കവർ ചെയ്യാനും സാധിക്കും. ബിൽഡിങ്ങ്, മെഷിനറി എന്നിവ റീ ഇൻസ്റ്റേറ്റ്മെന്റ് വാല്യുവിനും, സ്റ്റോക്ക് ഇൻഷൂർ ചെയ്യേണ്ടത് അതിന്റെ യഥാർത്ഥ വിലയ്ക്കുമാണ്.

50 കോടി തുകക്ക് മുകളിൽ ഇൻഷൂർ ചെയ്യുന്ന റിസ്കുകൾ സ്റ്റാന്റേർഡ് ഫയർ & സ്പെഷൽ പോളിസിയിലാണ് കവർ ചെയ്യുന്നത്. ഈ പോളിസിയിൽ അധിക പ്രീമിയം അടച്ചാൽ ഭീകരവാദവും, ഭൂമികുലുക്കവും, കൊടുങ്കാറ്റും, വെള്ളപ്പൊക്കവും കവർ ചെയ്യുന്നതാണ്.

എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടറാണ് ലേഖകൻ




# നിക്ഷേപ സൗഹൃദ കേരളത്തിന് വികസനോന്മുഖ പദ്ധതികൾ

ഹരി കിഷോർ ഐ.എ.എസ്

അത്യധികം വ്യവസായ സൗഹൃദമാണ് 2023-24 സാമ്പത്തിക വർഷത്തെ കേരള ബജറ്റ്. കേരളത്തിൽ നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ബഹു. ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റിൽ അവതരിപ്പിച്ചത്. വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രതീക്ഷക്കൊത്തുയർന്ന ബജറ്റ് കൂടിയാണിത്. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) കിൻഫ്രാ, കേരള റബ്ബർ ലിമിറ്റഡ്, സി.എം.ഡി, റിയാബ്, ബി.പി.ഇ. തുടങ്ങി ഇടത്തരവും വലുതുമായ എല്ലാ വ്യവസായ മേഖലകളും പരിഗണിക്കപ്പെട്ടു. ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് മാത്രമായി 770.21 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനൊപ്പം തന്നെ പരമ്പരാഗത വ്യവസായ മേഖലയ്ക്കും പ്ലാന്റേഷൻ മേഖലയ്ക്കുമുൾപ്പടെ സർക്കാരിന്റെ കരുതൽ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കയർ, കൈത്തറി, കശുവണ്ടി മേഖലയിൽ ആധുനീകരണവും വൈവിധ്യവൽക്കരണവും ലക്ഷ്യം വെക്കുന്നതിനൊപ്പം പരമ്പരാഗത വ്യവസായങ്ങളെ മത്സരക്ഷമമാക്കാനും പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2023-24ൽ സാമ്പത്തിക വർഷത്തിൽ വ്യവസായ മേഖലയുടെ ആകെ ബഡ്ജറ്റ് വിഹിതം 1259.66 കോടി രൂപയാണ്. ഇതിൽ ഗ്രാമീണ ചെറുകിട വ്യവസായങ്ങൾക്കുള്ള വിഹിതം 483.40 കോടി രൂപയാണ്. ചെറുകിട വ്യവസായത്തിന് 212.70 കോടി രൂപയും, കയറിന് 117 കോടിയും, കശുവണ്ടി വ്യവസായത്തിന് 58 കോടിയും, കൈത്തറി, യന്ത്രത്തറി വ്യവസായത്തിന് 56.40 കോടി രൂപയും ഖാദി-ഗ്രാമ വ്യവസായത്തിന് 16.10 കോടി രൂപയും കരകൗശല മേഖലയ്ക്ക് 4.20 കോടി രൂപയും, വാണിജ്യത്തിന് 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വ്യവസായിക മേഖലയിൽ ഉല്പന്ന നിർമ്മാണ മേഖലയിലാണ് നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത്. (18.9 ശതമാനം). 2022-23 വർഷത്തെ ആഭ്യന്തര ഉല്പാദനം 9.99 ലക്ഷം കോടിയാകും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ കണക്കുകൾ പ്രകാരം 10.18 ലക്ഷം കോടി രൂപയായി ആഭ്യന്തര ഉല്പാദനം വർദ്ധിച്ചു. ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയോടൊപ്പം തന്നെ തനത് വരുമാനത്തിലും വർദ്ധനവുണ്ടായി. 2020-21 ൽ 54,955.99 കോടി രൂപയായിരുന്ന തനത് വരുമാനം 2021-22 ൽ 68,803.03 കോടി രൂപയായി ഉയർന്നു. നടപ്പ് സാമ്പത്തിക വർഷം അത് 85,000 കോടി രൂപയോളമായി ഉയരുമെന്നാണ് പ്രതീക്ഷ. വ്യവസായ വകുപ്പിന്റെ അഭിമാന പദ്ധതികൾ മുന്നോട്ടു കൊണ്ട് പോകുന്നതിനാവശ്യമായ സഹായവും ബജറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. 10,000 കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങളും കൊണ്ടുവരുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, ഇന്ത്യയിലെ തന്നെ രണ്ടാമത്തെ ഗ്ലോബൽ ഇൻഡസ്ട്രീയൽ ഫൈനാൻസ് ആന്റ് ട്രേഡ് സിറ്റി, പുതുതായി പ്രഖ്യാപിച്ച വിഴിഞ്ഞം വ്യവസായ ഇടനാഴി, പെട്രോ കെമിക്കൽ വ്യവസായങ്ങൾ എന്നീ ബൃഹത് പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. ഇതിനൊപ്പം തന്നെ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഉല്പാദന രംഗത്ത് ലോകത്തിലെ പ്രമുഖ ബ്രാൻഡുകളുടെ ലക്ഷ്യസ്ഥാനമായി മാറുന്നതിനും 1000 കോടി രൂപയുടെ മേക്ക് ഇൻ കേരള പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 ൽ സംരംഭക വർഷം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്.സംസ്ഥാനത്ത് നിലവിലുള്ള തെരഞ്ഞെടുത്ത1000 സംരംഭങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് 4 വർഷം കൊണ്ട് 1,00,000 കോടി രൂപ വിറ്റുവരവ്

കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ അപ്പ് പാക്കേജ് പ്രഖ്യാപിച്ചതും നേട്ടമാണ്.

സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനും വിവിധ പദ്ധതികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന് മാത്രം 122.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2022-23) 103 കോടി രൂപയാണ് കെ.എസ്.ഐ.ഡി.സി.ക്ക് മാത്രം ബജറ്റിൽ അനുവദിച്ചത്. ഈ തുകയിൽ നിന്ന് 20 ശതമാനം വർദ്ധനവോടു കൂടി ഇത്തവണ 122.5 കോടി രൂപയാക്കാണ് അംഗീകാരം. കെ.എസ്.ഐ.ഡി.സി.യുടെ ഇൻഡസ്ട്രീയൽ പാർക്കുകൾക്ക് മാത്രമായി 31.75 രൂപയും കെ.എസ്.ഐ.ഡി.സി. വ്യവസായിക വളർച്ച കേന്ദ്രങ്ങളുടെ വികസനത്തിന് 11.25 കോടി രൂപയും പ്രത്യേകമായി അനുവദിച്ചത്. കേരളത്തിന്റെ വ്യവസായിക വികസനത്തിൽ കരുത്ത് പകരും. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന് സംസ്ഥാന സർക്കാർ കണ്ടെത്തിയ പ്രധാന ഇടപെടലാണ് നിക്ഷേപ പ്രോത്സാഹനം. ഇതിനായി 10 കോടി രൂപ വകയിരുത്തി.

സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായ വികസന നടപടി ക്രമം ലഘൂകരിക്കുന്നതിനും ബജറ്റിൽ 6 കോടി അനുവദിച്ചിട്ടുണ്ട്. ഉല്പാദനമേഖലയിലും മറ്റ് വളർന്നു വരുന്ന മേഖലകളിലുമുള്ള ദേശീയ/ അന്തർദേശീയ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിന് 2023-24 കാലഘട്ടത്തിൽ പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. ഊന്നൽ നല്കുന്നു. ലൈഫ് സയൻസ്/ ബയോ ടെക്നോളജി/നാനോ ടെക്നോളജി മേഖലകളിൽ വൻ തോതിലുള്ള നിക്ഷേപവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം വെയിലൂർ വില്ലേജിൽ 260 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന് സംസ്ഥാന വിഹിതമായി 20 കോടി അനുവദിച്ചത് കൂടുതൽ ഉണർവേകുന്നു.

സംസ്ഥാനത്തെ വനിതാ സംരംഭകർക്കും എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും കൂടുതൽ പ്രയോജനമാകുന്നതാണ് ബജറ്റ്. വനിതാ സംരംഭകർക്ക് ബിസിനസ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിന് വ്യാപാര മുദ്ര, സർട്ടിഫിക്കേഷന്, അക്രഡിറ്റേഷന്- ഐ.എസ്.ഒ.അഗ്മാർക്ക്, പേറ്റന്റ്, പ്രവർത്തനങ്ങളുടെ വൈവിധ്യവത്ക്കരണത്തിനുമായി രണ്ടര കോടി രൂപയാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ എം.എസ്.എം.ഇ. കൾക്കും സ്റ്റാർട്ടപ്പുകൾക്കും സ്വയം പര്യാപ്തമാകാൻ രണ്ട് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം സ്വീകരിച്ച എം.എസ്.എം.ഇ/സ്റ്റാർട്ടപ്പുകൾ/മൈക്രോ എന്റർപ്രൈസസ് / വിദേശ മലയാളികൾ എന്നിവർക്ക് 3 ശതമാനം പലിശ സബ്സിഡി നല്കാനും നിർദ്ദേശമുണ്ട്. കോവിഡിന്റെ പ്രതിബന്ധങ്ങളെ മറികടക്കാൻ അവതരിപ്പിച്ച കോവിഡ് 19 സമാശ്വാസ പദ്ധതി പ്രകാരം വ്യവസായിക വളർച്ചാ കേന്ദ്രങ്ങളിലെ വ്യവസായിക യൂണിറ്റുകൾക്ക് ബജറ്റിൽ 5 കോടി രൂപ പ്രഖ്യാപിച്ചത് കൂടുതൽ ആശ്വാസം പകരുന്നു.

സുസ്ഥിരതയ്ക്കും ഉത്തരവാദിത്വമുള്ള വ്യവസായവത്ക്കരണത്തിനുള്ള പ്രോത്സാഹനത്തിനും 28 കോടി രൂപയാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതി എന്ന പേരിൽ അവതരിപ്പിച്ച പുതിയ പദ്ധതിയിൽ സ്ഥിര മൂലധന നിക്ഷേപ സബ്സിഡി, എസ്.ജി.എസ്.ടി. റീ ഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇളവ്, അപ്രന്റീസ്ഷിപ്പ് ഇൻസെന്റീവ്, ഐ.പി.ഒ. വഴി ധനകാര്യ പ്രവേശനത്തിനുള്ള പ്രോത്സാഹനം, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജുകൾ എന്നിവ ഒഴിവാക്കൽ, സ്ഥിര മൂലധനം സൃഷ്ടിക്കുന്നതിന് എടുത്ത ടേം ലോണുകളുടെ പലിശ ഇളവ് തുടങ്ങിയ ആനുകൂല്യങ്ങൾ ഉൾപ്പെടുന്നുണ്ട്. ലാന്റ് കൺവേർഷൻ ചാർജ്ജുകളിലെ കുറവ്, കയറ്റുമതിക്കാർക്കുള്ള വിപണി വികസന പ്രോത്സാഹനം, ഐ.പി.ആർ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനം, ഗുണനിലവാര സർട്ടിഫിക്കേഷൻ ഇൻസെന്റീവ്, നിർമ്മാണ പ്രക്രിയയിൽ വ്യവസായം 4.0 സംരംഭങ്ങൾ അവതരിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം തുടങ്ങി വിപുലമായ പദ്ധതികൾ ഉൾപ്പെടുത്തിയാണ് 28 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. പുതിയ കരട് വ്യവസായ നയത്തിൽ പ്രഖ്യാപിച്ച പുതിയ ഇൻസെന്റീവുകൾ പുതിയ നിക്ഷേപകർക്ക് ലഭ്യമാക്കുകയും ചെയ്യും.

ഭാവി കേരളത്തിൽ വ്യവസായ വകുപ്പിന്റെ പങ്ക് എത്രമാത്രം വലുതാണെന്ന യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുന്നതാണ് ഇത്തവണത്തെ ബജറ്റ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നല്കുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദവും സ്ഥായിയുമായ സാമ്പത്തിക വളർച്ച കൈവരിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ കൃത്യമായ ആസൂത്രണത്തിന്റെ പിൻബലത്തോടെ പുതിയ പദ്ധതികളും അവയ്ക്ക് വകയിരുത്തലുകളും ബജറ്റിൽ പ്രഖ്യാപിച്ചത് വലിയൊരു നേട്ടമാണ്. കേരളത്തിന്റെ വ്യവസായിക സാമ്പത്തിക വികസനത്തിന് ഊന്നൽ നല്കി ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് നിക്ഷേപ സൗഹൃദ കേരളം എന്ന ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരും.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. സി.എം.ഡി. ആണ് ലേഖകൻ



ഇൻഡസ്ട്രീസ് ഓഫ് നാഷണൽ സോമിൽ ഫെഡറേഷന്റെ ഏകദിനശില്പശാല സംസ്ഥാനപ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു



ദക്ഷിണേന്ത്യയിലെ മികച്ച ബിസിനസ്സ് മാനേജ്മെന്റ് പരിശീലന സ്ഥാപനമായ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനം നടത്തിയ യോഗത്തിൽ ബിസിനസ്സ് കാര്യങ്ങൾ ചർച്ച ചെയ്യുന്നു



തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് വെച്ച് നടക്കുന്ന കേരള ആഗ്രോ 2023 ഫുഡ് പ്രൊ ബഹു. ദേവസ്വം വകുപ്പ് മന്ത്രി രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.



തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് വെച്ച് നടക്കുന്ന കേരള ആഗ്രോ 2023 ഫുഡ് പ്രൊയ്ക്ക് കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ആശംസകൾ നേർന്നു കൊണ്ട് സംസാരിക്കുന്നു.




വ്യവസായ വാണിജ്യ വകുപ്പും ജില്ലാ വ്യവസായ കേന്ദ്രം ആലപ്പുഴയും സംയുക്തമായി സംഘടിപ്പിച്ച AIM 2023 ആലപ്പുഴ ഇൻവെസ്റ്റേഴ്സ് മീറ്റിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ആശംസകൾ നേർന്ന് സംസാരിക്കുന്നു



മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി ബോർഡ് മെമ്പറായി സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനെ തെരഞ്ഞെടുത്ത കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

KSSIA INDUSTRY SUMMIT 2023

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION

# ജില്ലാ വ്യവസായ സംഗമം

എന്റെ സംരംഭം നാടിന്റെ അഭിമാനം

**22 ഫെബ്രു 2023, 9AM–5PM**
**ഹോട്ടൽ അപ്പോളോ ഡിമോറ**
**തിരുവനന്തപുരം**



ഉത്ഘാടനം :
**പി. രാജീവ്**
ബഹു: നിയമ, വ്യവസായ
വകുപ്പ് മന്ത്രി

സ്വകാര്യ വ്യവസായ പാർക്കിന്റെ
ലോഗോ പ്രകാശനം
**വി. ശിവൻകുട്ടി**
ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി



പി.ജെ . ജോസ്
സംസ്ഥാന ജനറൽ സെക്രട്ടറി



ഫസിലുദ്ദീൻ
സംസ്ഥാന വൈസ് പ്രസിഡന്റ്



പ്രദീപ് കുമാർ
ജില്ലാ പ്രസിഡന്റ്



ഡോ.പ്രേമകുമാർ
ജില്ലാ സെക്രട്ടറി






Printed and Published by K.P. Ramachandran Nair on behalf of The Kerala State Small Industires Association (KSSIA), X/29 A, H M T Industrial Estate, H M T Colony P.O., Kalamassery - 683 503
Phone : 9496360300, Email : kssiastate@gmail.com, and Printed at S.T.Reddiar & Sons,Vallathol Jn., Thrikkakkara, Kakkakand, Ph : 9605766693. Chief Editor : S. Salim